കുമളി, മുണ്ടക്കയം വഴിയുള്ള അനധികൃത കടത്ത്

254 [308] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ തെക്കൻ മേഖലകളിൽനിന്നും ഉലംചരക്ക്, റബർ, തേക്കുതടി എന്നിവ കുമളി മുണ്ടക്കയം വഴി തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയാൻ ഗവൺമെന്റ് കൈക്കൊള്ളാൻ പോകുന്ന സംവിധാനങ്ങൾ എന്തെല്ലാം ;

(സി) ആയതിന് സെയിൽസ് ടാക്സ് ഇൻറലിജൻസ് വിഭാഗം ഗവൺമെൻറിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

New Bank Branches in Kerala

255. [309] **Shri K. C. Joseph**: Will the Minister for Finance be pleased to state :

(a) Has the State Government recommended places as identified centres to the Reserve Bank of India to start new branches of Nationalised Banks in Kerala.

(b) If so, which are those places?

Answer

(a) Yes.

(b) A list of the places is appended.†

സംസ്ഥാനത്തെ ബ്ലേഡ് കമ്പനികൾ

256 [310] ശ്രീമതി മേർഗ്രിവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ ഇപ്പോൾ എത്ര ബ്ലേഡ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ ബ്ലേഡ് കമ്പനികൾ സംസ്ഥാന സമ്പദ്ഘടനയിൽ എന്തു മാത്രം സ്വാധീനം ചെലുത്തുന്നുണ്ടെന്നും ഇവയുടെ മൊത്തം ആസ്തി എത്രയാണെന്നും, വ്യക്തമാക്കാമോ ?

† അനുബന്ധം—VI.

LIBRARY ARCHIVES Kerala Legislative Assembly